നമ്പർ. ജി(2)39157/2012. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 17.1.2013.

e-mail - keralarcs@coop.kerala.gov.in
Website – www.cooperation.kerala.gov.in

**<u>സർക്കുലർ നമ്പർ.2/2013</u>**

വിഷയം – സഹകരണ വകുപ്പ്– പാലക്കാട് ജില്ലയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സഹകരണ സംഘങ്ങളിൽ നിന്നും സംഭാവന/വായ്പ പിരിയ്ക്കുന്നതിനുള്ള അനുവാദം സംബന്ധിച്ച്.

സൂചന – 28.11.12–ലെ സർക്കാരിന്റെ 10367/പി.എസ്.1/12/സഹ.നം.കത്ത്.

......

പാലക്കാട് ജില്ലയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ധനസമാഹരണത്തിന്റെ ഭാഗമായി ജില്ലയിലെ സഹകരണ സംഘങ്ങളിൽ നിന്നും സംഭാവന/വായ്പ ലഭ്യമാക്കുന്നതിന് അനുവാദം നൽകണമെന്ന് കാണിച്ച് അപേക്ഷ ഇൻഡോർ സ്റ്റേഡിയം സൊസൈറ്റി നൽകിയതിൻമേൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് കേരള സഹകരണ സംഘം നിയമം വകുപ്പ് 56(2)ഡി പ്രകാരം സ്വരൂപിച്ചിട്ടുള്ള പൊതു നന്മാ ഫണ്ടിൽ നിന്നും ടി ആവശ്യത്തിലേക്ക് സംഭാവനകൾ നൽകുന്നതിന് അനുവാദം നൽകാൻ സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണമുള്ള സഹകരണ സംഘങ്ങൾക്ക് 1969–ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 56(2)ഡി പ്രകാരം രൂപീകരിച്ചിട്ടുള്ള പൊതു നന്മാ ഫണ്ടിൽ നിന്നും അതാത് സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് സംഭാവന നൽകുന്നതിന് അനുമതി നൽകുന്നു.

ഒപ്പ്
വി.സനൽകുമാർ ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് – 1. സെക്രട്ടറി,
കേരള നിയമസഭ (ഉപരിപത്രം സഹിതം)
ലെജിസ്ലേച്ചർ കോംപ്ലക്സ്, തിരുവനന്തപുരം

2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, കൊച്ചി (ഉപരിപത്രം സഹിതം)
3. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
4. ജോയിന്റ് രജിസ്ട്രാർ (ജനറൽ), പാലക്കാട്.
5. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), പാലക്കാട് ജില്ല
6. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്), പാലക്കാട്, ചിറ്റൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, ആലത്തൂർ.
7. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ
8. വെബ്സൈറ്റ്
9. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
10. രജിസ്ട്രാറുടെ മേശപ്പുറത്ത്.
11. സ്റ്റോക്ക് ഫയൽ.